# കേരള സർവകലാശാല

നം. പി.ആർ.220/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## സിൻഡിക്കേറ്റ് യോഗത്തിൽ പ്രശ്നങ്ങൾ ഉണ്ടായിട്ടില്ല

കേരള സർവകലാശാലയിൽ കഴിഞ്ഞ ദിവസം നടന്ന സിൻഡിക്കേറ്റ് യോഗത്തിൽ വൈസ്ചാൻസലറും അംഗങ്ങളും തമ്മിൽ തർക്കങ്ങൾ ഉണ്ടായി എന്ന വാർത്ത അടിസ്ഥാനരഹിതമാണ്.

ചില നിക്ഷിപ്ത താൽപര്യങ്ങൾ മുൻനിർത്തി സിൻഡിക്കേറ്റ് യോഗത്തിൽ അനാവശ്യ പ്രശ്നങ്ങൾ ഉണ്ടാക്കുക എന്നത് ഒരു സിൻഡിക്കേറ്റ് അംഗം പതിവായി വച്ച് പുലർത്തുന്ന ദു:സ്വഭാവമാണ്. കേരള സർക്കാരിന്റെ ആഭിമുഖ്യത്തിൽ കിഫ്ബിയിൽ നിന്ന് ധനസഹായം തേടി സർവകലാശാലയുടെ വികസനത്തിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുക, വിവധ കോളേജുകളിലെ 132 അദ്ധ്യാപകർക്ക് നിയമന അംഗീകാരം നൽകുക, 76 ഗവേഷകർക്ക് ഡോക്ടറേറ്റ് നൽകുക തുടങ്ങിയ അതിപ്രാധാന്യമുള്ള ഇനങ്ങൾ ചർച്ച ചെയ്തു തീരുമാനിയ്ക്കുന്നതിനാണ് ഇന്നലെ (10.10.2017) സിൻഡിക്കേറ്റ് യോഗം കൂടിയത്. ഈ ഇനങ്ങളിൽ തീരുമാനം എടുക്കാതെ കാലവിളംബം വരുത്തുകയും സർവകലാശാലയെ പൊതുജന മദ്ധ്യത്തിൽ അവഹേളിക്കുകയും ചെയ്യുക എന്ന ഗൂഡോദ്ദേശത്തോടെ പതിവ് പോലെ ഒരു സിൻഡിക്കേറ്റംഗം നടത്തിയ വിഫലശ്രമമാണ് തെറ്റായ പത്രവാർത്തയ്ക്ക് വഴി ഒരുക്കിയത്.

കക്ഷിഭേദമന്യേ സിൻഡിക്കേറ്റിലെ മറ്റ് എല്ലാ അംഗങ്ങളും വൈസ്ചാൻസലറുമായി സഹകരിയ്ക്കുകയും അജണ്ടയിൽ ഉൾപ്പെടുത്തിയിരുന്ന എല്ലാ ഇനങ്ങളിലും തീരുമാനമെടുക്കുകയും ചെയ്തു. ഈ സിൻഡിക്കേറ്റംഗങ്ങളും വൈസ്ചാൻസലറുമായി ഒരു തരത്തിലുള്ള തർക്കവും യോഗത്തിൽ ഉണ്ടായിട്ടില്ല.

## പി.ജി പ്രവേശനം 2017-18 : രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു – ഒക്ടോബർ 12,13 തീയതികളിൽ കോളേജ് പ്രവേശനം

കേരള സർവകലാശാല 2017-2018 അദ്ധ്യയന വർഷത്തെ പി.ജി. പ്രവേശനത്തിനുള്ള രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് (www.admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചു. ആപ്ലിക്കേഷൻ നമ്പരും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷകർ തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അഡ്മിഷൻ ഫീസ് അടയ്ക്കുന്നതിനുള്ള ചലാൻ പ്രിന്റൗട്ട് എടുത്ത് എസ്.ബി.ഐയുടെ ഏതെങ്കിലും ശാഖയിൽ ഫീസ് അടയ്ക്കണം. അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 900 രൂപയും എസ്.സി/എസ്.ടി/ഒ.ഇ.സി വിഭാഗത്തിന് 340 രൂപയും ആണ്. മുൻ അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ച് അഡ്മിഷൻ ഫീസ് ഒടുക്കിയവർ വീണ്ടും അഡ്മിഷൻ ഫീസ് അടയ്ക്കേണ്ടതില്ല. അഡ്മിഷൻ ഫീസ് ഒടുക്കിയ അപേക്ഷകർ ഫീസടച്ചതിന്റെ വിവരം വെബ്സൈറ്റിൽ നൽകിയ ശേഷം അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ എടുക്കേണ്ട തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ഉണ്ടായിരിക്കും. 2017 ഒക്ടോബർ 12, 13 തീയതികളിലാണ്

കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ടത്. യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം (കൂടുതൽ വിവരങ്ങൾക്ക് അലോട്ട്മെന്റ് മെമ്മോ കാണുക) മെമ്മോയിൽ പ്രസ്താവിച്ചിരിക്കുന്ന ദിവസം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് അതത് കോളേജുകളിൽ അഡ്മിഷൻ എടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ യാതൊരു കാരണവ ശാലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല. മുൻപുള്ള അലോട്ട്മെന്റുകളിൽ കോളേജുകളിൽ അഡ്മിഷൻ നേടിയവർക്ക് രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രകാരം തങ്ങളുടെ ഹയർ ഓപ്ഷനുകളിലേതിലെങ്കിലും പുതിയ അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ പഠിച്ചു കൊണ്ടിരിക്കുന്ന കോളേജിൽ നിന്നും ടി.സി. വാങ്ങിയ ശേഷം പുതിയ അലോട്ട്മെന്റ് പ്രകാരമുള്ള കോളേജിൽ അഡ്മിഷൻ എടുക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെ ടേണ്ടതിനായി അലോട്ട്മെന്റ് മെമ്മോയിൽപറഞ്ഞിരിക്കുന്ന സമയത്ത് അലോ ട്ട്മെന്റ് ലഭിച്ച കോളേജിൽ അഡ്മിഷൻ എടുക്കേണ്ടതാണ്. അഡ്മിഷൻ എടുത്തവർ ആ സീറ്റിൽ സംതൃപ്തരാണെങ്കിൽ ഒക്ടോബർ 16 വൈകുന്നേരം അഞ്ച് മണിക്ക് മുമ്പ് അവരുടെ ഹയർ ഓപ്ഷനുകൾ നീക്കം ചെയ്യേണ്ടതാണ്. നിലനിർത്തപ്പെടുന്ന ഹയർ ഓപ്ഷനുകൾ തുടർന്നു വരുന്ന അലോ ട്ട്മെന്റുകളിൽ പരിഗണിക്കുന്നതും പുതിയ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം ആ സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.
*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

## ഇന്റേൺഷിപ്പ് – വൈവ പരീക്ഷ

കേരള സർവകലാശാലയിൽ ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം. എസി ഹോംസയൻസ് (ന്യൂട്രീഷ്യൻ & ഡയറ്ററ്റിക്സ്) പരീക്ഷയുടെ പ്രാക്ടി ക്കൽ, ഇന്റേൺഷിപ്പ് – വൈവ പരീക്ഷകൾ, ഒക്ടോബർ 17,19 തീയതികളിൽ ആലപ്പുഴ സെന്റ് ജോസഫ്സ് കോളേജിൽ നടത്തുന്നു. വിശദമായ ടൈംടേ ബിൾ വെബ്സൈറ്റിൽ(www.keralauniversity.ac.in) ലഭ്യമാണ്.

## ചിട്ടസ്വര മത്സരം

കേരള സർവകലാശാല സംഗീത വിഭാഗം നടത്തുന്ന ചിട്ടസ്വര മത്സരത്തിൽ സംസ്ഥാനത്തുടനീളമുള്ള സംഗീത വിദ്യാർത്ഥികൾക്കും ഗവേഷക വിദ്യാർത്ഥികൾക്കും പങ്കെടുക്കാവുന്നതാണ്. 'ദേവ ദേവ കലയാമിതേ' എന്ന കീർത്തനത്തിനു മൗലികമായ ചിട്ടസ്വരം രചിച്ച് ഓഡിയോ ഫയൽ .musicdept.uok2017@gmail.com എന്ന വിലാസത്തിൽ ഒക്ടോബർ 20ന് മുൻപായി സമർപ്പിക്കേണ്ടതാണ്.

## എം.എഡ് ടൈംടേബിൾ

കേരള സർവ്വകലാശാല ഒക്ടോബർ 25–ാം തീയതി ആരംബിക്കുന്ന മൂന്നാം സെമസ്റ്റർ എം.എഡ് ഡിഗ്രി (ദ്വിവത്സരം – 2015 സ്കീം റഗുലർ / സപ്ലിമെന്ററി) പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈ റ്റിൽ(www.keralauniversity.ac.in) ലഭ്യമാണ്.

## എം.എഡ് പരീക്ഷ

കേരള സർവകലാശാല ഡിസംബർ ആറാം തീയതി ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എഡ് ഡിഗ്രി സ്പെഷ്യൽ എഡ്യൂക്കേഷൻ (എം.ആർ/ഐ.ഡി) (ദ്വിവത്സരം -2015 സ്കീം - 2016-2018 ബാച്ച്) പരീക്ഷയ്ക്ക് നവംബർ എട്ട് വരെ പിഴ കൂടാതെയും അൻപതു രൂപ പിഴയോടുകൂടി നവംബർ 10 വരെയും 125 രൂപ പിഴയോടുകൂടി നവംബർ 13 വരെയും ഫീസ് അടയ്ക്കാവുന്നതാണ്.

## യൂണിവേഴ്സിറ്റി/കോളേജ് അദ്ധ്യാപകർക്ക് ഹ്രസ്വകാല പരിശീലന പരിപാടി

കേരള സർവകലാശാലയിലെ യു.ജി.സി. ഹ്യൂമൺ റിസോഴ്സ് ഡെവലപ്പ്മെന്റ് സെന്ററിൽ നവംബർ ആറ് മുതൽ 11 വരെ യൂണിവേഴ്സിറ്റി/ കോളേജ് അദ്ധ്യാപകർക്കു വേണ്ടി റൂസയുടെ ധനസഹായത്തോടുകൂടി 'വിമൺ എംപവർമെന്റ്' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തുന്ന ഹ്രസ്വകാല പരിശീലന പരിപാടിയിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാഫോറവും വിശദ വിവരങ്ങളും www.ugchrdc.in വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. അപേക്ഷകൾ പ്രിൻസിപ്പാലിന്റെ സാക്ഷ്യപത്രത്തോടു കൂടി ദി ഡയറക്ടർ, യു.ജി.സി. ഹ്യൂമൺ റിസോഴ്സ് ഡെവലപ്പ്മെന്റ് സെന്റർ, ഗോൾഡൻ ജൂബിലി ബിൽഡിംഗ്, യൂണിവേഴ്സിറ്റി ഓഫ് കേരള, കാര്യവട്ടം -695581 എന്ന വിലാസത്തിൽ ഒക്ടോബർ 26 ന് മുൻപ് കിട്ടത്തക്കവണ്ണം അയക്കേണ്ടതാണ്.

## ബി.ടെക് സൂക്ഷ്മപരിശോധന

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.ടെക് (സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് - 2013 സ്കീം) പരീക്ഷയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വേണ്ടി ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ സൂക്ഷ്മ പരിശോധനയ്ക്കായി ഫോട്ടോ പതിച്ച ഐഡി കാർഡും ഹാൾടിക്കറ്റുമായി ബി.ടെക് റീ വാല്യുവേഷൻ സെക്ഷനിൽ ഒക്ടോബർ 12 മുതൽ ഒക്ടോബർ 21 വരെയുള്ള പ്രവർത്തി ദിനങ്ങളിൽ വൈകുന്നേരം മൂന്ന് മണിക്കും അഞ്ച് മണിക്കും ഇടയ്ക്കുള്ള സമയത്ത് ഹാജരാകേണ്ടതാണ്.

## എം.എസ്.സി ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ എം.എസ്.സി ഇന്റഗ്രേറ്റീവ് ബയോളജി 2015-2017 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. നിധിൻ. സി.പി (രജി.നം. ഐ.എൻ.ബി 150504/2017) ഒന്നാം റാങ്ക് കരസ്ഥമാക്കി.

## സ്കോളർഷിപ്പ് സാധ്യതാ ലിസ്റ്റ് പ്രസിദ്ധീകരിച്ചു

കേരള സർവകലാശാല 2016-17 വർഷത്തിൽ വിവിധ ബിരുദ കോഴ്സുകളിൽ യൂണിവേഴ്സിറ്റി മെരിറ്റ് സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ സാധ്യതാ ലിസ്റ്റ് സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏതെങ്കിലും വിധത്തിലുള്ള പരാതികളുള്ളവർ ഒക്ടോബർ 31-നകം പ്രിൻസിപ്പൽ മുഖാന്തരയം സർവകലാശാലയിൽ അറിയിക്കേണ്ടതാണ്. ഒക്ടോബർ 31-നുശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല. സാധ്യതാ ലിസ്റ്റിൽ ഉൾപ്പെട്ടതുകൊണ്ടുമാത്രം സ്കോളർഷിപ്പ് ലഭിക്കുന്നനതിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

## ബി.എസ്സി – സൂക്ഷ്മപരിശോധന

കേരള സർവ്വകലാശാല ജൂണിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എസ്സി കമ്പ്യൂട്ടർ സയൻസ് ഹിയറിംഗ് ഇംപയേർഡ് പരീക്ഷയുടെ സൂക്ഷ്മ പരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഹാൾടിക്കറ്റുമായി ഒക്ടോബർ ഏഴ് മുതൽ 16 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ EJ III സെക്ഷനിൽ ഹാജരാകേണ്ടതാണ്.

## ബി.എസ്സി – സൂക്ഷ്മപരിശോധന

കേരള സർവ്വകലാശാല 2016 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്സി കമ്പ്യൂട്ടർ സയൻസ് (2010 സ്കീം) പരീക്ഷയുടെ സൂക്ഷ്മ പരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഹാൾടിക്കറ്റുമായി ഒക്ടോബർ ഏഴ് മുതൽ 16 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ EJ III സെക്ഷനിൽ ഹാജരാകേണ്ടതാണ്.

തിരുവനന്തപുരം.
11.10.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098